എസിബി1/30826/2019/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
26.08.2019

**ബി.ടെക്ക്/ബി.ആർക്ക് കോഴ്സുകളിലേക്കുള്ള 2019 വർഷത്തെ കേന്ദ്രീകൃത സ്പോട്ട് അഡ്മിഷൻ സംബന്ധിച്ചു**

കേരളത്തിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ ഒഴിവുള്ള ബി.ടെക്ക്/ബി.ആർക്ക് സീറ്റുകളിലേക്കുള്ള ഈ വർഷത്തെ കേന്ദ്രീകൃത സ്പോട്ട് അഡ്മിഷൻ 2019 ആഗസ്റ്റ് 29-നു ഗവ: എഞ്ചിനീയറിങ് കോളേജ്, തൃശൂരിൽ വച്ച് രാവിലെ 9 മണി മുതല് നടത്തുന്നതാണ്. വിവിധ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ www.dtekerala.gov.in എന്ന വെബ് സൈറ്റിലും, സർക്കാർ/എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളുടെ വെബ്സൈറ്റുകളിലും ലഭ്യമാണ്. നിലവിൽ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയിൽ നിന്നുള്ള എൻ.ഒ.സി (Non Objection Certificate) ഇല്ലാതെ തന്നെ സ്പോട്ട് അഡ്മിഷന് പങ്കെടുക്കാവുന്നതാണ്. ഇത് വരെ ഒരു സ്ഥാപനത്തിലും പ്രവേശനം നേടാത്ത അപേക്ഷകർ കീം പ്രോസ്പെക്ടസ്സ് 2019 -ൽ നിർദ്ദേശിക്കുന്ന എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്. സ്പോട്ട് പ്രവേശനത്തിനായുള്ള രജിസ്ട്രേഷൻ 29.08.2019-നു രാവിലെ 9 മണിക്ക് ആരംഭിച്ച് 12 മണിക്ക് അവസാനിപ്പിക്കുന്നതുമാണ്.

OFFICE OF THE DIRECTOR OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin-695 023

ഡോ.കെ.പി.ഇന്ദിരാദേവി
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)